# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ :– ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്.)

വിഷയം: കുടുംബശ്രീ – റൂറൽ മൈക്രോ എന്റർപ്രൈസ് (ആർ.എം.ഇ.) – മാർഗ്ഗ നിർദ്ദേശങ്ങൾ – ഭേദഗതി ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 22/07/2011–ലെ ഈ ഓഫീസിലെ KS-D-2118/2011 നമ്പർ നടപടിക്രമം
2. 10/05/2011–ലെ ഈ ഓഫീസിലെ KS-D-2118/2011 നമ്പർ നടപടിക്രമം

***Order No. 5211/D /2017/KSHO dated 20 /05/2017***

ഗ്രാമീണ മേഖലയിൽ കുടുംബശ്രീ വനിതകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് മേൽപരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജില്ലാ–സംസ്ഥാന തലങ്ങളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കാലാനുസൃതമായ ഭേദഗതി വരുത്തി പുതുക്കിയ മാർഗ്ഗ നിർദ്ദേശം അംഗീകരിച്ച് ഉത്തരവാകുന്നു. പരിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ ഉത്തരവ് നിലവിൽ വരുന്നതോടെ പരാമർശം (1), (2) ഉത്തരവുകൾക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സംസ്ഥാന മിഷനിലെ എല്ലാ സെക്ഷനുകൾക്കും
4. എല്ലാ സിഡിഎസ്സുകൾക്കും (ഡിഎംസി മുഖേന)
5. എല്ലാ എംഇസിമാർക്കും (ജില്ലാ മിഷൻ മുഖേന)

പകർപ്പ്

കരുതൽ/അധികം

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (എം.ഇ.)

# ആർ.എം.ഇ പദ്ധതി – മാർഗ്ഗനിർദേശങ്ങൾ

1. **ആമുഖം**

ദാരിദ്ര്യനിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ട് കുടുംബശ്രീ മിഷൻ പ്രോത്സാഹിപ്പിച്ച് വരുന്ന ഉപജീവന ഉപാധിയാണ് കുടുംബശ്രീ സൂക്ഷ്മ സംരംഭ ങ്ങൾ. ഗ്രാമീണ മേഖലയിലെ വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും സാമ്പ ത്തിക സ്വാശ്രയത്വം ഉണ്ടാക്കുന്നതിനും ആണ് റൂറൽ മൈക്രോ എന്റർപ്രൈസ് (ആർ. എം.ഇ.) പദ്ധതി നടപ്പിലാക്കുന്നത്.

2. **പ്രധാന ലക്ഷ്യങ്ങൾ**

1. സാമ്പത്തികവും സാമൂഹികപരവുമായ സ്ത്രീശാക്തീകരണവും ഉന്നമനവും
2. നൂതനമായ തൊഴിൽസംരംഭങ്ങൾ കണ്ടെത്തി കൂടുതൽ തൊഴിലവസരങ്ങൾ ഗ്രാമീണ മേഖലയിൽ സൃഷ്ടിക്കുക
3. പ്രാദേശിക സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുക

3. **ഗുണഭോക്താക്കൾ**

1. കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾ
2. നിലവിൽ ലിങ്കേജ് വായ്പയിലൂടെയോ ആന്തരിക വായ്പയിലൂടെയോ സംരംഭം ചെയ്തു കൊണ്ടിരിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്ക് സംരംഭം വിപുലപ്പെടുത്തുന്നതിന്
3. ഡിഡിയുജികെവൈ പദ്ധതി പ്രകാരം തൊഴിൽ ലഭ്യമാകാത്ത കുടുംബശ്രീ അയൽക്കൂട്ട വനിതകൾ

4. **യോഗ്യത**

1. 18 – 60 വയസ്സ് പ്രായപരിധിയുള്ള വനിതകൾ(60 വയസ്സിനു മുകളിൽ പ്രായമുള്ള വനിതകൾ ആണെങ്കിൽ സംരംഭം നടത്തുന്നതിനുള്ള കഴിവും അഭിരുചിയും ഉണ്ടെന്ന് ജില്ലാമിഷന് ബോധ്യപ്പെടുന്ന പക്ഷം അപേക്ഷ പ്രത്യേകമായി പരിഗണിക്കാവുന്നതാണ്.)
2. കുടുംബശ്രീമിഷൻ നേരിട്ടോ, വിവിധ ഏജൻസികൾ മുഖേനയോ നട ത്തുന്ന വിവിധ വൈദഗ്ദ്ധ്യ വികസന പരിപാടികളിലും, ഇഡിപി,

പെർഫോർമൻസ് ഇൻപ്രൂവെമെന്റ് പ്രോഗ്രാമുകളിലും പങ്കെടുക്കാൻ സന്ന ദ്ധതയുള്ളവരായിരിക്കണം.

3. അയൽക്കൂട്ടത്തിൽ അംഗത്വം നേടി കുറഞ്ഞത് 6 മാസമെങ്കിലും പൂർത്തീക രിച്ചിരിക്കണം.

4. സംരംഭ രൂപീകരണത്തിനുള്ള തൽപരതയുള്ളവരായിരിക്കണം

5. കുടുംബശ്രീ ആർ.എം.ഇ പദ്ധതി – മാർഗ്ഗനിർദേശ പ്രകാരം സംരംഭം നടത്താൻ സന്നദ്ധതയുള്ളവരായിരിക്കണം.

**5. ആക്റ്റിവിറ്റി ഗ്രൂപ്പ് രൂപീകരണവും, ഘടനയും**

1. ഒരു അയൽക്കൂട്ടത്തിൽ നിന്നോ, വ്യത്യസ്ത അയൽക്കൂട്ടങ്ങളിൽ നിന്നോ സംരം ഭം ആരംഭിക്കാൻ താല്പര്യപ്പെടുന്ന വനിത/വനിതകളെ ഉൾപ്പെടുത്തി വ്യക്തി ഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് രൂപം നൽകാവുന്നതാണ്.

2. സംരംഭങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് 3 മുതൽ 10 വരെ അംഗങ്ങൾ ഗ്രൂപ്പിലുണ്ടാകാം. ഇത് ജില്ലാമിഷൻ സംരംഭ സാധ്യതയും ആവശ്യകതയും കണക്കിലെടുത്ത് പരിഗണിക്കേണ്ടതാണ്.

3. ഗ്രൂപ്പ് സംരംഭമാണെങ്കിൽ യൂണിറ്റിന്റെ പൊതു നടത്തിപ്പിന് യൂണിറ്റംഗങ്ങളിൽ നിന്നും രണ്ടുപേരെ സെക്രട്ടറി, പ്രസിഡന്റ് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കണം. യൂണിറ്റംഗങ്ങളുടെ താല്പര്യ പ്രകാരം ടി വ്യക്തികളെ തെരഞ്ഞെടുക്കേണ്ടതാണ്. സെക്രട്ടറി സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കുന്ന വ്യക്തി കണക്കുകൾ എഴു താനും സൂക്ഷിക്കാനും കഴിവുള്ള വ്യക്തിയായിരിക്കണം.

4. യൂണിറ്റിന്റെ പ്രവർത്തനം, ലാഭ–നഷ്ട വിഹിതങ്ങളുടെ ക്രമീകരണം, വേതന വിതരണം, സാമ്പത്തിക ഉത്തരവാദിത്വം തുടങ്ങിയ കാര്യങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടത് സംബന്ധിച്ചും ഗ്രൂപ്പംഗങ്ങളുടെ ചുമതലകൾ സംബ ന്ധിച്ചും വ്യക്തമായ ധാരണ അംഗങ്ങൾ രൂപപ്പെടുത്തണം.

5. ആക്റ്റിവിറ്റി ഗ്രൂപ്പിന്റെ പൊതു നടത്തിപ്പ് ചുമതല ഗ്രൂപ്പ് സെക്രട്ടറി, പ്രസിഡന്റിനാ ണെങ്കിലും, യൂണിറ്റിന്റെ സാമ്പത്തിക വിനിയോഗ പ്രവർത്തനങ്ങളിലും, ഭരണ നിർവ്വഹണത്തിലും, സംരംഭ ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും തുല്യ പങ്കാളിത്ത വും, അവസരവും ഉണ്ടായിരിക്കണം.

6. ആക്റ്റിവിറ്റി ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും തുല്യ അധികാരവും അവകാശവും ബാധ്യതയും ഉണ്ടായിരിക്കും.

*7.* എല്ലാ യൂണിറ്റംഗങ്ങളും യൂണിറ്റിന്റെ പൊതു നടത്തിപ്പ് സംബന്ധിച്ച് ധാരണ യുുണ്ടാക്കി പരസ്പര ഉടമ്പടി നിർബന്ധമായും ഒപ്പുവയ്ക്കേണ്ടതാണ്. അതിനുള്ള ഫോർമാറ്റ് ഇതോടൊപ്പം ചേർക്കുന്നു ***(അനുബന്ധം 1)***

***8.*** എല്ലാ സംരംഭ യൂണിറ്റുകളും അതാത് സി.ഡി.എസ്സുകളുമായി അഫിലിയേറ്റ് ചെയ്യപ്പെടേണ്ടതും സി.ഡി.സ്സിന്റെ സാക്ഷ്യപത്രം നിർബന്ധമായും സൂക്ഷിക്കേണ്ടതുമാണ്. അഫിലിയേഷനുള്ള ഫോർമാറ്റ് ഇതോടൊപ്പം ചേർക്കുന്നു ***(അനുബന്ധം 2)***

***9.*** സി.ഡി.എസ്സ് യൂണിറ്റുകൾക്ക് യു.ഐ.ഡി നമ്പർ നൽകണം.

## 6. ആർ.എം.ഇി – പദ്ധതി രൂപീകരണ പ്രക്രിയ

### 6.1. ഗുണഭോക്താക്കളെ കണ്ടെത്തൽ

#### 6.1.1 ഗുണഭോക്തൃതെരഞ്ഞെടുപ്പിനും, പദ്ധതി പ്രചരണരണത്തിനുമുള്ള മാർഗ്ഗ നിർദേശങ്ങൾ

- സിഡിഎസ്സ് തലത്തിൽ തയ്യാറാക്കുന്ന സിഡിഎസ് ആക്ഷൻപ്ലാനിൽ സംരംഭം ആരംഭിക്കാൻ താല്പര്യം പ്രകടിപ്പിച്ച വ്യക്തികളെയും, തൊഴിൽ സംരംഭ സാധ്യതാ രജിസ്റ്റർ പ്രകാരമുള്ള വ്യക്തികളെയും സിഡിഎസ്സിന്റെ പങ്കാളിത്തത്തോടെ പ്രത്യേക ജനറൽ ഓറിയന്റേഷൻ പ്രോഗ്രാം (ജി.ഒ.റ്റി) ബ്ലോക്ക്/ജില്ലാതലത്തിൽ സംഘടിപ്പിച്ച് സംരംഭകരെ കണ്ടെത്താവുന്നതാണ്.

- ഡിഡിയുജികെവൈ പദ്ധതി പ്രകാരം തൊഴിൽ ലഭ്യമാകാത്ത വനിതകളെ പരിഗണിക്കാവുന്നതാണ്.

- അയൽക്കൂട്ടതലത്തിൽ സംരംഭ സാധ്യത ചർച്ച ചെയ്ത് ആർ.എം.ഇ. പദ്ധതി പ്രകാരം  സ്വയം തൊഴിൽ രൂപീകരണത്തിന് താല്പര്യമുള്ളവരുടെ വിശദാംശങ്ങൾ ശേഖരിക്കാവുന്നതാണ്. വിശദാംശങ്ങൾ ശേഖരിക്കുന്നതിനുള്ള ഫോർമാറ്റ് ***(അനുബന്ധം 3)*** ചേർത്തിട്ടുണ്ട്.

** സംരംഭ വികസന പ്രവർത്തനങ്ങളുടെ ചുമതലയുള്ള സിഡിഎസ് ഉപസമിതി കൺവീനർ ഇതിന് നേതൃത്വം നൽകണം.*

6.2. **പരിശീലനം**

1. അയൽക്കൂട്ട തലത്തിൽ നിന്നും ശേഖരിക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തൽപരരായ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനും, സംരംഭ മേഖല കണ്ടെത്തുന്നതിനും വിജയ സാധ്യതയുള്ളതാണോയെന്ന് വിശകലനം ചെയ്യുന്നതിനും കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ സിഡിഎസിന്റെ പങ്കാളിത്തത്തോടെ ബ്ലോക്ക് തലത്തിലോ ജില്ലാതലത്തിലോ പ്രത്യേക ജനറൽ ഓറിയെന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കേണ്ടതാണ്.

2. ജില്ലാമിഷനിൽ സംരംഭങ്ങളുടെ ചുമതലയുള്ള എ.ഡി.എം.സി., എം.ഇ. കൺസൾട്ടന്റ് എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക ജനറൽ ഓറിയെന്റേഷൻ നടത്തേണ്ടതാണ്. ഗുണഭോക്താക്കളായി വരുന്ന സിഡിഎസ്സിന് ചുമതലയുള്ള എം.ഇ.സി.മാരെ ജി.ഒ.റ്റിയിൽ പങ്കെടുപ്പിക്കേണ്ടതുമാണ്.

3. ജി.ഒ.റ്റി സംബന്ധിച്ച് വിശദാംശങ്ങൾ പഞ്ചായത്ത് ഓഫീസിന്റെ നോട്ടീസ് ബോർഡിൽ (പരിശീലന തീയതി, വേദി എന്നിവ സംബന്ധിച്ച്) പ്രദർശിപ്പിക്കേണ്ടതാണ്.

4. ജിഒറ്റിയിലെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് സിഡിഎസ്സിനും എം.ഇ.സി.മാർക്കുമായിരിക്കും.

5. ജനറൽ ഓറിയെന്റേഷൻ പ്രോഗ്രാമിൽ പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ സിഡിഎസിൽ സൂക്ഷിച്ചിട്ടുള്ള പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. സംരംഭവികസന പ്രവർത്തനങ്ങലുടെ ചുതമലയുള്ള സിഡിഎസ് സബ്കമ്മറ്റി കൺവീനർക്കാണ് ഇതിന്റെ ഉത്തരവാദിത്വം.

6. ജനറൽ ഓറിയെന്റേഷൻ പരിശീലനങ്ങളിൽ പങ്കെടുത്തവരിൽ നിന്നും സംരംഭ രൂപീകരണത്തിനുള്ള ഉറച്ച് താൽപര്യവും, അഭിവാഞ്ഛയും പ്രകടിപ്പിക്കുന്നവർക്ക് ഇഡിപി (എന്റർപ്രൺഷിപ്പ് ഡെവലെപ്പ്മെന്റ് പ്രോഗ്രാം.)/വൈദഗ്ദ്ധ്യ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കണം. പ്രത്യേക ജിഒറ്റി യിൽ നിന്നും

സംരംഭകത്വത്തിലേയ്ക്ക് പോകാൻ താല്പര്യപ്പെടുന്നവരുടെ പട്ടിക സിഡിഎസ് തലത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

7. ഇപ്രകാരം പട്ടികയിൽ ഉൾപ്പെട്ടവർക്ക് ഇഡിപി/വൈദഗ്ദ്ധ്യ പരിശീലനം നൽകി ആർ.എം.ഇ പദ്ധതിയിൻ കീഴിൽ സ്വയം തൊഴിൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

8. നിലവിൽ ലിങ്കേജ് വായ്പയിലൂടെയോ ആന്തരിക വായ്പയിലൂടെയോ സംരംഭം ചെയ്തു കൊണ്ടിരിക്കുന്ന വ്യക്തികൾക്ക് സംരംഭം വിപുലപ്പെടുത്തുന്നതിന് താല്പര്യപ്പെടുന്നുണ്ടെങ്കിൽ ഇവരുടെ മുൻപരിചയം, പരിശീലനങ്ങൾ എന്നീ ഘടകങ്ങൾ പരിഗണിച്ച് സംരംഭ നടത്തിപ്പാനായി പ്രത്യേക വൈദഗ്ദ്ധ്യവികസന പരിശീലനങ്ങൾ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അതിനുള്ള നടപടികൂടി കുടുംബശ്രീ ജില്ലാമിഷൻ സ്വീകരിക്കണം.

9. പരമ്പരാഗത മേഖലയിൽ സംരംഭം നടത്തുന്ന വ്യക്തികൾക്ക് ആർ.എം.ഇ. പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിന് താല്പര്യമുണ്ടെങ്കിൽ മേൽ പ്രതിപാദിച്ചതു പോലെ വൈദഗ്ദ്ധ്യ വികസന പരിശീലനം നൽകി സംരംഭം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. (വൈദഗ്ദ്ധ്യ പരിശീലനവും, ഇഡിപിയും എംപാനൽ ചെയ്ത ഏജൻസികളിലൂടെ ലഭ്യമാക്കേണ്ടതാണ്.)

   *. ഓരോ വ്യക്തികളും ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭ മേഖലകൾക്കനുസൃതമായി വേണം സ്പെഷ്യൽ ജി.ഒ.റ്റി. സംഘടിപ്പിക്കേണ്ടത്. സ്പെഷ്യൽ ജി.ഒ.റ്റി. നടത്തുന്നതിന് മുമ്പായി ടി സംരംഭത്തിന്റെ വിജയസാധ്യത സംബന്ധിച്ച റിപ്പോർട്ട് (നിലവിൽ ഈ മേഖലയിൽ പ്രസ്തുത സിഡിഎസ്സിലുള്ള സംരംഭങ്ങളുടെ എണ്ണം, അവരുടെ വിപണന രീതി, സംരംഭങ്ങളുടെ ലാഭനഷ്ട സ്ഥിതി വിവരം എന്നിവ) എം.ഇ.സി.മാരിൽ നിന്നോ എം.ഇ. ഡാറ്റാബേസിൽ നിന്നോ ശേഖരിക്കേണ്ടതും ആയത് ഗുണഭോക്താക്കളുടെ പരിഗണനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. ടി ജിഒറ്റിയിൽ സാധ്യതയുള്ള ഇതര സംരംഭങ്ങളെ സംബന്ധിച്ച വിവരം ലഭ്യമാക്കണം. കുടുംബശ്രീ വെബ് സൈറ്റിലെ എ.ഇ. ഫോട്ടോ ഗാലറിയിൽ നിന്നും ഓരോ ജില്ലയിലെയും വൈവിധ്യമാർന്ന സംരംഭങ്ങൾ പരിചയപ്പെടുത്തണം. ഇത്തരത്തിൽ അനുയോജ്യമായ സംരംഭ മേഖല തെരഞ്ഞെടുക്കുന്നതിനുള്ള അവസരം നൽകണം.

**7. പ്രോജക്ട് – പദ്ധതി തുക**

1. വ്യക്തിഗത സംരംഭം – 50,000/– രൂപ മുതൽ 2.5 ലക്ഷം രൂപ വരെ. രണ്ടര ലക്ഷം രൂപ വരെയുള്ള തുകയുടെ പലിശയ്ക്കു സമാനമായി പലിശ സബ്സിഡി ലഭിക്കും

2. ഗ്രൂപ്പ് സംരംഭം – പരമാവധി 10 ലക്ഷം രൂപ വരെ. ഗ്രൂപ്പ് സംരംഭത്തിന്റെ പദ്ധതി തുക 10 ലക്ഷം രൂപയിൽ അധികരിക്കുകയാണെങ്കിൽ സംരംഭത്തിന്റെ ആവശ്യകത പരിഗണിച്ച് ജില്ലാമിഷന് സംസ്ഥാനമിഷനിലേക്ക് ശുപാർശ ചെയ്യാവുന്നതാണ്. എന്നാൽ 10 ലക്ഷം രൂപയുടെ പലിശ ഇനത്തിൽ മാത്രമേ പലിശ സബ്സിഡി ലഭിക്കുകയുള്ളു.

## 8. പ്രോജക്ട് രൂപീകരണം

1. സംരംഭകരെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി കഴിഞ്ഞാൽ വ്യക്തി ഗത/ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാ റാക്കേണ്ടതാണ്.
2. കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ, സഹായം പ്രോജക്ട് രൂപീകരണ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. ഇവർക്കുള്ള ഹോണറേറിയം എം.ഇ.സി. മാർഗ്ഗ നിർദ്ദേശ പ്രകാരം നൽകേണ്ടതാണ്.
3. ആർ.എം.ഇ പ്രോജക്ടുകളുടെ മാതൃക (*അനുബന്ധം 5*) ചേർത്തിട്ടുണ്ട്.

## 9. സബ്സിഡി മാനദണ്ഡങ്ങൾ

ആർ.എം.ഇ പദ്ധതി പ്രകാരം സംരംഭങ്ങൾക്ക് കുടുംബശ്രീ മിഷൻ പലിശ സബ്സിഡി നൽകും. ബാങ്കുകളിൽ അതത് കാലത്ത് നിലവിലുള്ള വാർഷിക പലിശ നിരക്കും 7% വാർഷിക നിരക്കും തമ്മിലുള്ള വ്യത്യാസമാണ് സബ്സിഡിയായി നൽകുക. കൂടാതെ വായ്പ കൃത്യസമയത്ത് തിരിച്ചടയ്ക്കുന്ന എല്ലാ സംരംഭങ്ങൾക്കും 3% അധിക പലിശ കിഴിവ് അനുവദിക്കുന്നതാണ്.

സംരംഭം ആരംഭിച്ച് 6 മാസം പിന്നിടുമ്പോൾ ആണ് ആദ്യ ഗഡു പലിശ സബ്സിഡി തുക സംരംഭകരിലൂടെ ലോൺ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുക. ഓരോ 6 മാസം കൂടുമ്പോഴും വായ്പാ തിരിച്ചടവ് ബാങ്കുകളിൽ നിന്നും ശേഖരിച്ച് അതിന് ആനുപാ തികമായി പലിശ സബ്സിഡി തുക അനുവദിക്കേണ്ടതാണ്. വായ്പാ തിരിച്ചടവ്

പൂർത്തീകരിക്കുന്ന മുറയ്ക്ക് അധിക പലിശ കിഴിവായ 3% ആനുപാതികമായ തുക ലോൺ അക്കൗണ്ടിലേയ്ക്ക് അനുവദിക്കേണ്ടതാണ്.

ലോൺ തിരിച്ചടവ് സംബന്ധിച്ച വിവരം സിഡിഎസ് ബാങ്കുകളിൽ നിന്നും ശേഖരിച്ച് ജില്ലയ്ക്ക് കൈമാറുന്ന മുറയ്ക്ക് ജില്ലാമിഷൻ പലിശ സബ്സിഡി തുക അനുവദിക്കേണ്ടതാണ്. (പലിശ സബ്സിഡി മാർഗ്ഗ നിർദ്ദേശ പ്രകാരം).

വ്യക്തിഗത സംരംഭങ്ങൾക്ക് പരമാവധി 2.5 ലക്ഷം രൂപയ്ക്കും ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 10 ലക്ഷം രൂപയ്ക്കുമാണ് പലിശ സബ്സിഡി ലഭ്യമാക്കേണ്ടത്. ഇത് ധനകാര്യ വകുപ്പ് അംഗീകരിച്ചശേഷം മാത്രമേ പ്രാബല്യത്തിൽ വരികയുള്ളു.

**10. പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം ഹാജരാക്കേണ്ട രേഖകൾ**

1. വിശദമായ പ്രോജക്ട് പ്രൊപ്പോസൽ
2. അംഗം/അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ – പേര് പ്രത്യേകം രേഖപ്പെടുത്തിയത്
3. എഡിഎസ്/സിഡിഎസ് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയ വ്യക്തികളുടെ വിവരങ്ങൾ – അയൽക്കൂട്ടാംഗത്വം, ക്ലേശ ഘടകങ്ങൾ, ത്രിഫ്റ്റ് എന്നിവ സംബന്ധിച്ച്
4. തിരിച്ചറിയൽ രേഖയുടെ പകർപ്പ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡ്, ആധാർ, ത്രിഫ്റ്റ് പാസ് ബുക്കിന്റെ കോപ്പി
5. റേഷൻ കാർഡിന്റെ പകർപ്പ് – ബാങ്ക് ലോൺ പാസ്സായ കത്തിന്റെ ഫോട്ടോ കോപ്പി
6. വൈദഗ്ദ്ധ്യ-ഇഡിപി പരിശീലന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് (എല്ലാ അംഗങ്ങളുടെയും)
7. സിഡിഎസ്സിന്റെ ശുപാർശ – മെമ്പർ സെക്രട്ടറി ഒപ്പുരേഖപ്പെടുത്തിയത്

**11. പ്രോജക്ട് അംഗീകരിക്കുന്നതിനുള്ള നടപടിക്രമം.**

1. പ്രോജക്ടിന്റേയും അപേക്ഷയുടെയും (*അനുബന്ധം 4)* മൂന്ന് സെറ്റ് കോപ്പികൾ തയ്യാറാക്കണം.
2. വിശദമായ പ്രോജകടും, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയും അനുബന്ധ രേഖകളോടൊപ്പം സംരംഭകർ സിഡിഎസിന് സമർപ്പിക്കണം.

3. സിഡിഎസ് ഈ പ്രോജക്ട് റിപ്പോർട്ടുകളും, രേഖകളും, പരിശോധിച്ച് ക്രമപ്പെടുത്തി സിഡിഎസിന്റെ ശുപാർശയോടെ ബാങ്കിൽ സമർപ്പിക്കണം. എന്തെങ്കിലും അപാകത കാണുന്ന പക്ഷം ന്യൂനതാ നിവാരണത്തിനായി ബന്ധപ്പെട്ട യൂണിറ്റിനെ തിരിച്ചേൽപ്പിക്കണം. സിഡിഎസിന് ലഭിക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സിഡിഎസിൽ സൂക്ഷിക്കേണ്ടതാണ്. പ്രോജക്ടിന്റെ ഒരു സെറ്റ് കോപ്പി സിഡിഎസിൽ സൂക്ഷിക്കണം.

4. ബാങ്കിന്റെ അനുമതി പത്രം (loan Sanctioning letter) ലഭ്യമാകുന്ന മുറയ്ക്ക് സംരംഭങ്ങളുടെ പട്ടിക ജില്ലാമിഷന് സിഡിഎസ് കൈമാറേണ്ടതാണ്.

5. സംരംഭം ആരംഭിക്കുന്നതിന് യൂണിറ്റുകൾക്ക് ആവശ്യമായ പിന്തുണാ സഹായം സിഡിഎസ് എം.ഇ.സി.മാരുടെ സഹായത്തോടെ ലഭ്യമാക്കേണ്ടതാണ്.

6. പ്രവർത്തനമാരംഭിച്ച് 6 മാസം പൂർത്തീകരിക്കുന്ന മുറയ്ക്ക് ലോൺ തിരിച്ചടവിന്റെ വിശദാംശങ്ങൾ സഹിതം പലിശ സബ്സിഡി ലഭ്യമാക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടും, അനുബന്ധ വിശദാംശങ്ങളും സബ്സിഡി തുകയും കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർക്ക് സമർപ്പിക്കണം. ജില്ലാമിഷനിൽ എം.ഇ. ചുമതലയുള്ള എ.ഡി.എം.സി./എം.ഇ. കൺസൾട്ടന്റ് പ്രസ്തുത യൂണിറ്റ് സന്ദർശിച്ച് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് പലിശ സബ്സിഡി ആരംഭിക്കേണ്ടതാണ്.

7. പലിശ സബ്സിഡി അനുവദിച്ച്കൊണ്ടുള്ള നടപടി ഉത്തരവ് ജില്ലാമിഷൻ കോഡിനേറ്റർ പുറപ്പെടുവിക്കണം. ബന്ധപ്പെട്ട ആക്റ്റിവിറ്റി ഗ്രൂപ്പിന്റെ ബാങ്ക് ലോൺ അക്കൗണ്ടിലേക്കാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. സബ്സിഡി അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ കോപ്പി സിഡിഎസിനും, ബന്ധപ്പെട്ട ബാങ്കിനും, ആക്റ്റി വിറ്റി ഗ്രൂപ്പിനും നൽകേണ്ടതാണ്. പ്രോജക്ട് റിപ്പോർട്ടിന്റെ കോപ്പി ജില്ലാമിഷനിൽ സൂക്ഷിക്കേണ്ടതാണ്.

8. ഓരോ മാസവും സംരംഭകർക്ക് അനുവദിച്ച പലിശ സബ്സിഡിയുടെ റിപ്പോർട്ട് സംസ്ഥാനമിഷന് ലഭ്യമാക്കേണ്ടതാണ്.

**12. മോണിറ്ററിംഗ്**

സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ആവശ്യമായ സഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ജില്ലാമിഷൻ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതാണ്. താഴെപ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ ജില്ലാമിഷൻ ഉറപ്പു വരുത്തേണ്ടതാണ്.

1. ബാങ്ക് ലോൺ ലഭ്യമായി 15 ദിവസത്തിനകം യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നു
2. യൂണിറ്റിന്റെ പ്രാരംഭ ഘട്ട പ്രവർത്തനത്തിനാവശ്യമായ എല്ലാ പിന്തുണയും, സഹായങ്ങളും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ/സിഡിഎസ് വഴി ലഭ്യമാക്കൽ
3. ബാങ്ക് ലോൺ പൂർണ്ണമായും പിൻവലിച്ച് പ്രോജക്ട് പ്രകാരം വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനായി വിനിയോഗിക്കുന്നു
4. യൂണിറ്റിന് ബാങ്ക് ലോൺ ലഭ്യമായ വിവരവും, പ്രവർത്തനം ആരംഭിച്ച വിവരവും സിഡിഎസ് ജില്ലാമിഷൻ കോഡിനേറ്റർക്ക് റിപ്പോർട്ട് ചെയ്യുന്നു.
5. സംരംഭം ആരംഭിച്ച യൂണിറ്റുകളുടെ വിശദാംശങ്ങൾ സിഡിഎസ് സൂക്ഷിക്കുന്നു
6. പലിശ സബ്സിഡി ലഭ്യമാകേണ്ട യൂണിറ്റുകളുടെ അപേക്ഷ ബാങ്ക് സ്റ്റേറ്റ്മെന്റിനോടൊപ്പം സിഡിഎസ് ജില്ലാമിഷന് ലഭ്യമാക്കുന്നു.
7. യൂണിറ്റുകൾക്കുള്ള പലിശ സബ്സഡി കൃത്യസമയത്ത് ലഭ്യമാക്കൽ.
8. ലോൺ തിരിച്ചടവ് ഉറപ്പാക്കൽ
9. പ്രവർത്തനം മന്ദീഭവിച്ചതോ, നിർജ്ജീവമായതോ ആയ യൂണിറ്റുകളുടെ വിശദാംശങ്ങൾ സിഡിഎസ് ജില്ലാമിഷന് ലഭ്യമാക്കുന്നു. ഈ യൂണിറ്റുകളെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ജില്ലാമിഷൻ സ്വീകരിക്കേണ്ടതാണ്.
10. കാസ്സ് യൂണിറ്റുകളിലൂടെ യൂണിറ്റിന്റെ വാർഷിക ഓഡിറ്റ്. കാസ്സ് യൂണിറ്റുകൾക്കുള്ള ഓഡിറ്റ് ഫീസ് സംരംഭകരിൽ നിന്നും ഈടാക്കേണ്ടതാണ്. സംസ്ഥാന മിഷൻ അതാത് കാലത്ത് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള തുകയാണ് ഓഡിറ്റ് ഫീസായി നൽകേണ്ടത്.
11. യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് വാർഷിക റിപ്പോർട്ട് എം.ഇ.സി.മാരിൽ നിന്നും ശേഖരിക്കൽ, എം.ഇ. ഡാറ്റാബേസ് നാളീതികരിക്കൽ

12. ആക്റ്റിവിറ്റി ഗ്രൂപ്പിന്റെ ആന്തരിക പ്രശ്നങ്ങളും, പരാതികളും, സംരംഭ നടത്തിപ്പു മായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കൽ. (സിഡിഎസ് തലത്തിൽ സംരംഭ വികസന പ്രവർത്തനങ്ങളുടെ ചുമതലയുള്ള സബ്ക മ്മറ്റി കൺവീനർമാരുടെ നേതൃത്വത്തിൽ പ്രത്യേക പരാതി പരിഹാര സംവിധാന ങ്ങൾക്ക് രൂപം നൽകേണ്ടതാണ്).

13. സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തി തുടർ പരിശീലനം, സാമ്പത്തിക സഹായം, വിപണനം ലഭ്യമാക്കൽ

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (എം.ഇ.)

*അനുബന്ധം 1*

## ആർ.എം.ഇ ഗ്രൂപ്പിനെ സി.ഡി.എസ്സുമായി അഫിലിയേറ്റ് ചെയ്യുന്നതിനുള്ള ഫോർമാറ്റ്

പഞ്ചായത്തിന്റെ പേര് :

വാർഡ് നമ്പർ :

ഗ്രൂപ്പിന്റെ പേരും നമ്പരും :

ഗ്രൂപ്പിന്റെ മേൽവിലാസവും ഫോൺ നമ്പരും :

അഫിലിയേഷൻ നമ്പർ :

......................................... ഗ്രൂപ്പിന്റെ അപേക്ഷ പരിശോധിക്കുകയും അപേക്ഷകർ കുടുംബശ്രീ അംഗങ്ങളാണെന്നും ഇവർക്ക് മറ്റു ഗ്രൂപ്പുകളിൽ അംഗത്വമില്ല എന്നും ബോധ്യപ്പെട്ടിരിക്കുന്നു. ഇതിനാൽ ഇവരെ ആർ.എം.ഇ വിഭാഗത്തിൽ ഉൾപ്പെടുത്തി അംഗീകരിച്ച് താഴെച്ചേർക്കുന്ന അഫിലിയേഷൻ നമ്പർ നൽകുന്നു.

ഒപ്പ്

സി.ഡി.എസ് ചെയർപേഴ്സൺ

സ്ഥലം :

തീയതി :

## ആർ.എം.ഇ പദ്ധതി പ്രകാരമുള്ള സൂക്ഷ്മ സംരംഭങ്ങളിലെ അംഗങ്ങൾ തമ്മിലുള്ള ആന്തരിക ഉടമ്പടിയുടെ ഫോർമാറ്റ്

ഈ ഉടമ്പടി .................... ൽ നിലവിൽ വരുന്നതും ............... ഗ്രൂപ്പിലെ ............. അംഗങ്ങൾ തമ്മിലുള്ള ആന്തരിക പരസ്പര ഉടമ്പടിയുമായിരിക്കും. ഈ ഉടമ്പടിയിൽ പങ്കെടുക്കുന്ന അംഗങ്ങൾ

1. ശ്രീ/ശ്രീമതി/കുമാരി ................................. എന്ന ഞാൻ ..................... എന്ന വ്യക്തിയുടെ ഭാര്യ / മകൾ ആയിരിക്കുന്നതും നിലവിൽ .................... വയസ് പൂർത്തിയായ വ്യക്തിയുമാണ്. ഞാൻ ............ വർഷങ്ങളായി ...................... എന്ന പഞ്ചായത്തിൽ സ്ഥിര താമസമാണ് എന്ന് ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു.

2. ശ്രീ/ശ്രീമതി/കുമാരി ................................. എന്ന ഞാൻ ..................... എന്ന വ്യക്തിയുടെ ഭാര്യ / മകൾ ആയിരിക്കുന്നതും നിലവിൽ .................... വയസ് പൂർത്തിയായ വ്യക്തിയുമാണ്. ഞാൻ ............ വർഷങ്ങളായി ...................... എന്ന പഞ്ചായത്തിൽ സ്ഥിര താമസമാണ് എന്ന് ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു.

3. ശ്രീ/ശ്രീമതി/കുമാരി ................................. എന്ന ഞാൻ ..................... എന്ന വ്യക്തിയുടെ ഭാര്യ / മകൾ ആയിരിക്കുന്നതും നിലവിൽ .................... വയസ് പൂർത്തിയായ വ്യക്തിയുമാണ്. ഞാൻ ............ വർഷങ്ങളായി ...................... എന്ന പഞ്ചായത്തിൽ സ്ഥിര താമസമാണ് എന്ന് ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു..

4.

5.

എന്ന എല്ലാവരും തന്നെ ........................ എന്ന ഗ്രൂപ്പിലുള്ള അംഗങ്ങളാണെന്നും ഇതിനാൽ (ആർ.എം.ഇ/സൂക്ഷ്മ സംരംഭം) .................... ഗ്രൂപ്പ് എന്ന് അറിയപ്പെടുകയും ചെയ്യുന്നതാണ്. ഈ ഗ്രൂപ്പിലെ അംഗങ്ങൾ എല്ലാവരും തന്നെ ............................ പഞ്ചായത്തിലേയും ..................... താലൂക്കിലേയും ആണെന്നും ഇതിൽ എല്ലാവരും പരസ്പരം അടുത്തറിയുന്നവരാണെന്നും ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു. ഈ ഗ്രൂപ്പിലെ അംഗങ്ങളായ ഞങ്ങൾ സ്വമനസ്സാലെ സൂക്ഷ്മ സംരംഭം ആരംഭിക്കുന്നതിനായും അതേത്തുടർന്നുള്ള നേട്ടങ്ങൾ താഴെപ്പറയുന്ന

നിബന്ധനകൾക്കനുസരണമായി അംഗങ്ങളുടെ പൊതുവായ ക്ഷേമത്തിനു വേി മാറ്റി വയ്ക്കുകയും ചെയ്യുന്നതാണ്.

**പൊതുവായ നിബന്ധനകൾ**

1. ഈ ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും ഗ്രൂപ്പ് സംരംഭത്തിനു വേണ്ടി ................... തുക വിഹിതമായി നൽകുന്നതാണ്.

2. എല്ലാ അംഗങ്ങളും ഈ സംരംഭത്തിന്റെ പരിപൂർണ്ണ വിജയത്തിനായി അക്ഷീണം പരിശ്രമിക്കുകയും ഒരുതരത്തിലും സംരംഭത്തിന്റെ വളർച്ചയ്ക്ക് കോട്ടം തട്ടുന്ന രീതിയിൽ പ്രവർത്തിക്കുകയില്ല എന്ന് ഇതിനാൽ ഉറപ്പുനൽകുന്നു

3. എല്ലാ അംഗങ്ങളും സൂക്ഷ്മ സംരംഭത്തിന്റെ കടബാധ്യതകളും മറ്റുത്തരവാദിത്വങ്ങളും തുല്യമായി ഏറ്റെടുക്കുന്നതായിരിക്കും.

4. സംരംഭത്തിനോട് ബന്ധപ്പെട്ട എല്ലാവിധ വസ്തുവകകളും മറ്റു സാധനങ്ങളും (നീക്കാൻ പറ്റുന്നതും അല്ലാത്തതും) സംരംഭത്തിലെ എല്ലാവർക്കും തുല്യമായി അവകാശപ്പെട്ടതായിരിക്കുകയും എന്നാൽ ഇതിന്റെ നടത്തിപ്പ് ചുമതലകൾ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരാളിൽ പരിപൂർണ്ണമായി നിക്ഷിപ്തമായിരിക്കുകയും ചെയ്യുന്നതാണ്.

5. സൂക്ഷ്മ സംരംഭത്തിന്റെ ദൈനംദിന ചുമതലകളും, മറ്റുള്ള ചുമതലകളും വിജയകരമായി നിർവ്വഹിക്കുന്നതിനായി ഗ്രൂപ്പംഗങ്ങളെ പൊതു തെരഞ്ഞെടുപ്പിലെ തെരഞ്ഞെടുക്കാവുന്നതാണ്. ഈ അംഗങ്ങളെ ഭൂരിപക്ഷ വോട്ടെടുപ്പിലൂടെ മാത്രമേ അവരുടെ ചുമതലകളിൽ നിന്നും ഒഴിവാക്കാൻ പാടുള്ളൂ.

6. ഇതിനായി ശ്രീമതി/കുമാരി............................. നെ ............................. ആയും തെരഞ്ഞെടുക്കാവുന്നതാണ്. യൂണിറ്റിലെ എല്ലാ അംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ /ചുമതല വഹിക്കുന്ന അംഗങ്ങളുടെ സ്ഥാനങ്ങളെ ബഹുമാനിക്കുകയും സംരംഭത്തിന്റെ വളർച്ചയ്ക്കായുള്ള തീരുമാനങ്ങളിൽ പരിപൂർണ്ണ പങ്കാളിത്തം കാണിക്കേതുമാണ്.

7. എല്ലാ ചുമതലപ്പെട്ട അംഗങ്ങളും അവരവർക്കായി തീരുമാനിക്കപ്പെട്ട ചുമതലകൾ സത്യസന്ധമായും, പരിപൂർണ്ണ ഉത്തരവാദിത്വത്തോടെയും നിർവ്വഹിക്കേതാണ്.

8. എല്ലാ യൂണിറ്റംഗങ്ങളുടേയും പൊതുവായ അംഗീകാരമില്ലാതെ താൽക്കാലികമായോ, സ്ഥിരമായോ പുതിയ അംഗങ്ങളെ ചേർക്കാൻ പാടുള്ളതല്ല.

9. ഈ ഉടമ്പടി പ്രകാരം മരണപ്പെട്ട ഒരു ഗ്രൂപ്പംഗത്തിന്റെ ലാഭവിഹിതമോ കടബാധ്യതകളോ ചുമതലപ്പെട്ട അനന്തരാവകാശി നിർബന്ധമായും ഏറ്റെടുക്കേതാണ്.

ഈ ഉടമ്പടി ലംഘിക്കുകയോ, വീഴ്ചവരുത്തുകയോ ചെയ്യുന്ന അംഗങ്ങൾക്കെതിരെ നിയമപരമായി നടപടി സ്വീകരിക്കപ്പെടാവുന്നതാണ്. അതിനാൽ ഈ ഉടമ്പടി ഞങ്ങൾ പൂർണ്ണമായും മനസിലാക്കുകയും അംഗീകരിക്കുകയും സ്വമനസാലെ പങ്കെടുക്കുകയും ചെയ്യുന്നു.

| അംഗങ്ങളുടെ പേര് | ഒപ്പ്/വിരലടയാളം |
|---|---|
| 1)…………………….. | ………………….. |
| 2)…………………..... | ………………….. |
| 3)……………………. | ………………….. |
| .. | |
| .. | |

**സാക്ഷികൾ**

| സാക്ഷികളുടെ പേര് | ഒപ്പ്/വിരലടയാളം |
|---|---|
| 1) …………………… | ………………….. |
| 2) …………………… | ………………….. |

***അനുബന്ധം 3***

1. അയൽക്കൂട്ടത്തിന്റെ പേര് :

2. വാർഡ്

3. സംരംഭം ആരംഭിക്കാൻ താല്പര്യപ്പെടുന്ന വ്യക്തികളുടെ വിവരം

| പേര് | വയസ്സ് | അഡ്രസ്സ് | വിദ്യാഭ്യാസ യോഗ്യത | താല്പര്യപ്പെടുന്ന സംരംഭ മേഖല | ടി സംരംഭ മേഖല തെരഞ്ഞെടുക്കാനുള്ള കാരണം |
|---|---|---|---|---|---|
| | | | | | |

*അനുബന്ധം 4*

**കുടുംബശ്രീ**

**കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി റജി.നമ്പർ ..................................**

**.................................................................. ഗ്രാമ പഞ്ചായത്ത്**

t^mt«m

# വ്യക്തിഗത/ഗ്രൂപ്പ് തൊഴിൽ സംരംഭം ആരംഭിക്കുന്നതിന്
# ബാങ്ക് വായ്പ ലഭിക്കുന്നതിന് ഗ്രൂപ്പിന്റെ അപേക്ഷ

| | | |
|---|---|---|
| 1. | അപേക്ഷകൻ / അപേക്ഷകയുടെ പേരും മേൽവിലാസവും | |
| 2. | ഫോൺ നമ്പർ | |
| 3. | കാറ്റഗറി ജനറൽ ന്യൂനപക്ഷം പട്ടിക ജാതി പട്ടികവർഗ്ഗം | |
| 4. | സി.ഡി. എസ്സിന്റെ പേര് | |
| 5. | എ. ഡി. എസ്സിന്റെ പേര് | |
| 6. | ഭർത്താവിന്റെ /ഭാര്യയുടെ പേര് | |
| 7. | അച്ഛൻ/അമ്മ എന്നിവരുടെ പേര് | |
| 8. | തിരിച്ചറിയൽ കാർഡ് നമ്പർ | |
| 9. | ജനന തീയതി, പ്രായം | |
| 10. | വിദ്യാഭ്യാസ യോഗ്യത | |

**11. കുടുംബാംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നമ്പർ | പേര് | വയസ്സ് | തൊഴിൽ | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

| | | |
|---|---|---|
| 12 | ബി. പി. എൽ. ലിസ്റ്റിൽപെട്ട കുടുംബ ത്തിലെ അംഗമാണോ? | |
| 13. | അപേക്ഷകന്റെ കുടുംബത്തിൽ നിന്ന് അയൽക്കൂട്ടത്തിൽ അംഗമായ വനിത യുടെ പേര് | |
| 14. | അയൽക്കൂട്ടത്തിന്റെ പേര് | |
| 15. | അയൽക്കൂട്ടത്തിൽ അംഗമായ തിയ്യതി | |
| 16. | ആകെ പങ്കെടുത്ത മീറ്റിംഗുകളുടെ എണ്ണം | |
| 17. | നാളിതുവരെ നിക്ഷേപിച്ച സമ്പാദ്യ തുക | |
| 18. | നാളിതുവരെ എടുത്തിട്ടുള്ള വായ്പ | |
| 19. | വായ്പയിൽ തിരിച്ചടക്കാൻ ബാക്കി യുള്ള തുക | |

**ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തൊഴിൽ സംരംഭത്തെക്കുറിച്ചുള്ള വിവരങ്ങൾ**

| | | |
|---|---|---|
| 20. | ഉത്പ്പന്നം / സേവനം | |
| 21. | സംരംഭത്തിന്റെ പേര് | |
| 22. | മുൻപരിചയം | |
| 23. | ഈ മേഖലയിൽ ഏതെങ്കിലും തര ത്തിലുള്ള പരിശീലനം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം | |
| 24. | തൊഴിൽ സംരംഭത്തിന് വേണ്ടിവരുന്ന ആകെ മുതൽ മുടക്ക് (ലോൺ, സബ്സിഡി, സ്വന്തം വിഹിതം അട ക്കം) പ്രോജക്ട് കോസ്റ്റ്<br>1. ലോൺ തുക<br>2. സ്വന്തം മുതൽ മുടക്ക് (പ്രോ ജക്ട് കോസ്റ്റിന്റെ 5%)<br>3. സബ്സിഡി | |

കുടുംബശ്രീ.................................................................................. സി. ഡി. എസിനു കീഴിൽ വ്യക്തി ഗത സംരംഭമായി ഒരു......................................... യൂണിറ്റ് തുടങ്ങാൻ ഞാൻ ഉദ്ദേശിക്കുന്നു. ആവശ്യമായ പരിശീലനം, ബാങ്ക് വായ്പ, സബ്സിഡി എന്നിവ ലഭ്യമാക്കാൻ വേണ്ട നട പടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. ഈ സരംഭം / എം. ഇ. സി/കാസ് ടീമിനെ കൊണ്ട് എല്ലാ വർഷവും ഓഡിറ്റിംഗിന് വിധേയമാക്കോമെന്ന് ഉറപ്പ് നൽകുന്നു.

സ്ഥലം :

തിയ്യതി : അപേക്ഷകൻ /അപേക്ഷകയുടെ ഒപ്പ് പേര്

## അയൽക്കൂട്ടത്തിന്റെ ശുപാർശ

മേൽ കാണിച്ചിട്ടുള്ള വിവരങ്ങൾ (12 മുതൽ 19 വരെയുള്ള കോളങ്ങൾ) ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ................................. അയൽക്കൂട്ട അംഗമായ ശ്രീമ തി................................................/യുടെ കുടുംബത്തിലെ അംഗമായ ശ്രീ....................................... ന് ................................. സംരംഭം തുടങ്ങുന്നതിന് .............................. രൂപ വായ്പ നൽകുന്നതിന് ശുപാർശ ചെയ്യുന്നു............................... അംഗം ഈ അയൽകൂട്ടത്തിൽ അംഗമായിട്ട് ............. മാസം/വർഷം ആയിട്ടുണ്ട്.

സ്ഥലം :

തിയ്യതി : അയൽക്കൂട്ട സെക്രട്ടറിയുടെ പേര്

ഒപ്പ്

## എ.ഡി. എസിന്റെ ശുപാർശ

.........................................................................അയൽക്കൂട്ടത്തിലെ, അഫിലിയേഷൻ നമ്പർ ........................... ലുള്ള ..................................................................................................... (പേര്) എന്ന അംഗം തുടങ്ങാൻ ഉദ്ദേശിക്കുന്ന ........................................................................ സംരംഭത്തിന് പരിശീലനം അനുബന്ധ സഹായങ്ങൾ എന്നിവ നൽകാവുന്നതാണ്. അപേ ക്ഷക ആറു മാസത്തിലേറെയായി കുടുംബശ്രീ അംഗവും / കുടുംബശ്രീ കുടുംബ അംഗവും ആണ്. അയൽകൂട്ടം ............................–ാം തീയതി ഗ്രേഡിംഗ് കഴിഞ്ഞിട്ടുള്ളതാകു ന്നു.

**ADS ചെയർപേഴ്സൺ (ഒപ്പ്)**

## സി. ഡി. എസ്. തീരുമാനം

........................................................................ എ.ഡി.എസ്സിലെ ..................................................... അയൽക്കൂട്ടത്തിലെ ........................................................................................................ തുടങ്ങാൻ ഉദ്ദേശിക്കുന്ന ........................................................................................ സംരംഭത്തിന് അനുമതി നൽകുന്നു. അപേക്ഷക/കുടുംബാംഗം എന്നിവർക്ക് സംരംഭം ചെയ്യുന്തിനുവേണ്ടി യാതൊരു സർക്കാർ സബ്സിഡിയും ഇതുവരെ ലഭ്യമായിട്ടില്ല. സബ്സിഡി തുക ............................ രൂപ അനുവദിക്കാൻ ജില്ലാ മിഷൻ ഓഫീസിൽ അപേക്ഷ സമർപ്പിക്കുന്നതാണ്.

(യോഗ തീരുമാന നമ്പർ..................................................തീയതി .............................................. )

(ഒപ്പ്) (ഒപ്പ്)

സി.ഡി. എസ്. ചെയർപേഴ്സൺ മെമ്പർസെക്രട്ടറി സെക്രട്ടറി

(സീൽ)

# ഗ്രൂപ്പു സംരംഭകരുടെ വിവരങ്ങൾ

| സംരംഭത്തിന്റെ പേരും വിലാസവും | എ. ഡി. എസ്സിന്റെ പേര് | സി. ഡി. എസ്സിന്റെ പേര് |
|---|---|---|
| | | |

**സംരംഭകരെ സംബന്ധിക്കുന്ന വ്യക്തിഗത വിവരങ്ങൾ**

| ക്രമ നമ്പർ | സംരംഭകരുടെ പേരും മേൽവിലാസവും | വയസ്സ് | വിദ്യാഭ്യാസ യോഗ്യത | കാറ്റഗറി | അയൽകൂട്ടത്തിന്റെ പേര് | അംഗമായ തിയ്യതി | ലഘു സമ്പാദ്യം | റേഷൻ കാർഡ് നമ്പർ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

താഴെ കാണിച്ചിരിക്കുന്ന സംരംഭകരെ സംബന്ധിച്ച് 3, 4, 5, 6, 7, 8, 9 കോളങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും ടി സംരംഭകരുടെ അപേക്ഷകൾ നമ്പർ ...................... തിയ്യതി ...................... തീരുമാനപ്രകാരം സി. ഡി. എസ്. കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണെന്നും സാക്ഷ്യപ്പെടുത്തി കൊള്ളുന്നു.

**സി.ഡി. എസ്. ചെയർപേഴ്സൺ (ഒപ്പ്)** **(സീൽ)**

**മെമ്പർ സെക്രട്ടറി (ഒപ്പ്)**